**പതിമൂന്നാം കേരള നിയമസഭ**

**പതിനാലാം സമ്മേളനം**

**നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.5790. 29.07.2015 ൽ മറുപടിയ്ക്ക്.**

**ഫെയർ സ്റ്റേജ് നിർണ്ണയവും ടിക്കറ്റ് വർദ്ധനയും**

| ചോദ്യം<br>ശ്രീമതി. കെ.എസ്. സലീഖ | | ഉത്തരം<br>ശ്രീ. തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(വനവും പരിസ്ഥിതിയും ഗതാഗതവും സ്പോർട്സും സിനിമയും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ഈ സർക്കാർ അധികാരത്തിലെത്തുമ്പോൾ ഓർഡിനറി മുതൽ എക്സ്പ്രസ്സ്‌വരെയുള്ള വിവിധ ബസ്സുകളുടെ നിരക്കും നിരക്കിന്റെ അടിസ്ഥാനത്തിൽ യാത്ര ചെയ്യാൻ അനുവദിക്കപ്പെട്ട ദൂരവും എത്രയായിരുന്നു ; | (എ) | ഈ സർക്കാർ അധികാരത്തിൽ വരുമ്പോൾ ബസ് ചാർജ്ജ് സംബന്ധിച്ച് നിലവിലുണ്ടായിരുന്ന സർക്കാർ ഉത്തരവനുസരിച്ച് വിവിധ ബസ്സുകളിൽ നിശ്ചയിച്ചിരുന്ന യാത്രാനിരക്കുകൾ അനുബന്ധം I ആയി ചേർത്തിട്ടുണ്ട്. ആ ഉത്തരവിൽ ഓരോ നിരക്കിലും യാത്ര ചെയ്യാൻ അനുവദിക്കപ്പെട്ട ദൂരം പ്രത്യേകം നിർണ്ണയിക്കപ്പെട്ടിരുന്നില്ല. |
| (ബി) | അതിനുശേഷം എത്ര പ്രാവശ്യം എത്ര നിരക്കിൽ വർദ്ധനവ് നടത്തി എന്നും ഇതിനായി എന്തെല്ലാം പഠനങ്ങൾ നടത്തി എന്നും വ്യക്തമാക്കുമോ ; പഠന റിപ്പോർട്ടുകളുടെ പകർപ്പുകളും ലഭ്യമാക്കുമോ; | (ബി) | മൂന്നു തവണ. സ്റ്റേജ് കാര്യേജുകളിലെ യാത്രാ നിരക്കുകളും വിദ്യാർത്ഥികളുടെ യാത്ര കൺസഷൻ നിരക്കുകളും ഉൾപ്പെടെയുള്ള വിഷയങ്ങൾ പഠിച്ച് ശുപാർശകൾ സമർപ്പിക്കുന്നതിനായി ജസ്റ്റിസ് രാമചന്ദ്രൻ (റിട്ട. ഹൈക്കോടതി ജഡ്ജി) അദ്ധ്യക്ഷനായുള്ള ഒരു കമ്മിറ്റി സർക്കാർ രൂപീകരിച്ചിട്ടുണ്ട്. ഡീസൽ, സ്പെയർ പാർട്ട്, ഓയിൽ, ലൂബ്രിക്കന്റുകൾ, ജീവനക്കാരുടെ വേതനം, ഇൻഷുറൻസ് പ്രീമിയം തുടങ്ങിയ വിവിധ ഘടകങ്ങളുടെ വർദ്ധനവ് കണക്കിലെടുത്താണ് യാത്രാക്കൂലി വർദ്ധിപ്പിക്കുന്നതിന് കമ്മിറ്റി ശുപാർശകൾ സമർപ്പിക്കുന്നത്. കമ്മിറ്റി സമർപ്പിച്ച റിപ്പോർട്ടുകളുടെ പകർപ്പുകൾ അനുബന്ധം II ആയി ചേർത്തിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | ഫെയർസ്റ്റേജ് പുനർ നിർണ്ണയിക്കാൻ കോടതികൾ നിർദ്ദേശിച്ചത് എന്നാണ് എന്ന അറിയിക്കാമോ; വിധി പകർപ്പുകൾ ലഭ്യമാക്കുമോ; | (സി) | ഫെയർ സ്റ്റേജ് പുനർ നിർണ്ണയിക്കണമെന്ന് നിർദ്ദേശിച്ചു കൊണ്ടുള്ള കോടതി വിധികൾ ഒന്നും ലഭിച്ചിട്ടില്ല. എന്നാൽ ഫെയർ സ്റ്റേജ് അനോമലി സംബന്ധിച്ച് ബഹു. കേരള ഹൈക്കോടതിയിൽ ഫയൽ ചെയ്തിട്ടുള്ള ചില റിട്ട് പെറ്റീഷനുകളിൽ ഹർജിക്കാർ സർക്കാരിൽ സമർപ്പിച്ചിട്ടുള്ള പെറ്റീഷനുകൾ നിശ്ചിത സമയ പരിധിയ്ക്കുള്ളിൽ തീർപ്പാക്കാൻ ബഹു. കോടതി നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) | ഫെയർ സ്റ്റേജ് പുനർ നിർണ്ണയിക്കാനുള്ള യാത്രക്കാരുടെ ആവശ്യം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (ഡി) | ചില ഫെയർ സ്റ്റേജുകൾ പുനർ നിർണ്ണയിക്കണമെന്നാവശ്യപ്പെട്ടു കൊണ്ടുള്ള ഹർജികൾ ലഭിച്ചിട്ടുണ്ട്. |
| (ഇ) | ടിക്കറ്റ്നിരക്ക് വർദ്ധിപ്പിക്കൽ കൂടാതെ KSRTC എന്തെല്ലാം വർദ്ധനവുകൾ 2011 മുതൽ 2015 വരെ നടപ്പാക്കി എന്നും പ്രസ്തുത വർദ്ധനവുവഴി നാളിതുവരെ എത്ര തുക KSRTC ക്കു ലഭിച്ചു എന്നും അറിയിക്കുമോ ; ടിക്കറ്റ് നിരക്ക് വർദ്ധന ഒഴികെയുള്ള മറ്റു വർദ്ധനവുകൾ മറ്റു സംസ്ഥാനങ്ങളിലുള്ളതായി ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; ഇല്ലെങ്കിൽ പ്രസ്തുത വർദ്ധനവുകൾ റദ്ദാക്കാൻ നടപടി സ്വീകരിക്കുമോ എന്ന് വ്യക്തമാക്കുമോ? | (ഇ) | കെ.എസ്.ആർ.ടി.സി. യാത്രക്കാർക്കുള്ള അപകട സമൂഹ ഇൻഷ്വറൻസ്, യാത്രക്കാർക്കുള്ള മെച്ചപ്പെട്ട സൗകര്യങ്ങൾ, ജീവനക്കാരുടെ സാമൂഹ്യ സുരക്ഷ ഇവയ്ക്കായി 01.04.2015 മുതൽ 15 രൂപയും അതിന് മുകളിലുമുള്ള ടിക്കറ്റിന്മേൽ സെസ് ഏർപ്പെടുത്തിയിട്ടുണ്ട്. ഏപ്രിൽ, മെയ്, ജൂൺ മാസങ്ങളിലായി ഈ ഇനത്തിൽ 18,54,84,81/- രൂപ കെ.എസ്.ആർ. ടി.സി.-യ്ക്കു ലഭിച്ചു. മറ്റു സംസ്ഥാനങ്ങളിൽ മറ്റ് വർദ്ധനവുകൾ ഉണ്ടോ എന്ന കാര്യത്തിൽ ഇതേ വരെ അന്വേഷണമൊന്നും നടത്തിയിട്ടില്ല. 01.04.2015-ൽ ഏർപ്പെടുത്തിയ സാമൂഹ്യ സുരക്ഷ സെസ് റദ്ദാക്കുന്ന കാര്യം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ.

അനുബന്ധം ലൈബ്രറിയിൽ ലഭ്യമാണ്